# CHAPTER-3

യെശ : (5:30)ൽ പറയുന്നു ''ദേശത്തു നോക്കിയാൽ ഇതാ അന്ധകാരവും കഷ്ടതയും തന്നെ. അതിന്റെ മേഘങ്ങളിൽ വെളിച്ചം ഇരുണ്ടുപോകും'' . അതേ! ലോകജനതയെ ഇടർച്ചയിലേക്ക് തള്ളിയിടുന്ന ആത്മീക, ഭൗതീക,നേതാക്കളാണ് ഇതിന് ഉത്തരവാദികൾ. കഷ്ടതയുടെയും, ദു:ഖത്തിന്റെയും കറുത്തരാത്രിയിലേക്ക് വീഴുന്നവരുടെ ആത്മീയമരണത്തെപ്പറ്റി സഭപോലും ചിന്തിക്കുന്നില്ല. മിന്നാമിന്നിയുടെ നുറുങ്ങുവെട്ടം പോലും പലയിടത്തും ഇല്ലാതാകുന്നു എന്ന് ഈ അടുത്തകാലത്തെ വാർത്തകൾ വിളിച്ചു പറയുന്നു. അപ്പോഴും ദൈവവചനം പറയുന്നു ''ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന്.''

സഭയാം മണവാട്ടിയെ (ശൂലേമിയെ) പ്രലോഭനങ്ങളാൽ വളഞ്ഞിരിക്കുകയാണ് യെരുശലേം പുത്രിമാരും
സ്തുതിപാഠകരും. അവളെ ശലോമോനിലേക്ക് തിരിക്കുവാനാണ് അവർ ശ്രമിക്കുന്നത്. തന്റെ പ്രാണപ്രീയനെ (ക്രിസ്തുവിനെ) വിട്ട് ലോകക്കാരോടൊപ്പം (ശലോമോൻ രാജാവിനോടൊപ്പം) പോകുവാൻ സഭതുനിയരുത്.

ഇന്ന് ആഖാനെപ്പോലെ വലിച്ചെറിയേണ്ട ചില ബാബിലോന്യമേലങ്കികൾ, ദൈവം വെറുക്കുന്ന ചില മേലങ്കികൾ എടുത്ത് സഭയും കുഴിച്ചിട്ടുവോ  എന്ന് ചിന്തിക്കുക (യോശു: 7: 20, 21)

പ്രലോഭകരുടെ അടുക്കൽ നിന്നും രക്ഷപെടുവാനാഗ്രഹിച്ച ശൂലേമി തന്റെ മണവാളൻ അടുത്തുള്ള വിശ്വാസത്തിലവനോട് സംസാരിച്ചുകൊണ്ടിരുന്നു. അതിനാൽ ലോകത്തിന്റെ വാക്കുകൾ അവളുടെ ചെവിയിൽ എത്തിയില്ല. നമ്മുടെ പ്രീയനോട് സംസാരിക്കുന്ന സന്തോഷ സമയമാണ് പ്രാർത്ഥന. ക്രിസ്തുവുമായുള്ള സംസാരനിമിഷത്തെ ആ സന്തോഷത്തെ തട്ടിമാറ്റുന്നത് സാത്താനിഷ്ടമാണ് . നിങ്ങൾ ദൈവത്തോട് സംസാരിക്കാറുണ്ടോ? ഇല്ലെങ്കിൽ ഇന്നുതന്നെ ആരംഭിക്കുക.

പ്രാണപ്രീയനോട് സംസാരിച്ചവൾക്ക് താൻ ആയിരിക്കുന്ന ചുറ്റുപാടിൽ പ്രീയനെകാണുവാൻ കഴിയില്ല എന്ന് മനസ്സിലാക്കി അവനെ അന്വേഷിപ്പാൻ എഴുന്നേറ്റു. ഇതുവരെയും ആയിരിക്കുന്ന സാഹചര്യങ്ങളെ ഉപേക്ഷിച്ച് പ്രീയനെ അന്വേഷിച്ച് കണ്ടെത്തുവാൻ തയാറാകുക. നഗരത്തിലെ തിരക്കിൽ അന്വേഷിച്ചു എങ്കിലും നഗരവാസികൾ ആർഭാടത്തിൽ മുങ്ങിയവരാകയാൽ ആ നല്ലിടയനായ മണവാളനെ കാട്ടിക്കൊടുക്കുവാനവർക്ക് അറിയില്ല. വിശാലസ്ഥലങ്ങളിൽ, വീഥികളിൽ ഇന്ന് പലരുടെയും സ്വയത്തെ കാണിക്കുന്ന പരസ്യങ്ങളും യോഗങ്ങളുമുണ്ട്. അവിടെയും തന്റെ പ്രീയനെ പരിചയമുള്ളവരെ കണ്ടില്ല. നോക്കുക സഭയുടെ ഒരു ശോചനീയാവസ്ഥ. അന്വേഷണം തുടർന്നവൾ നഗരത്തിലെ കാവൽക്കാരോട് ചോദിച്ചു. ജനത്തിന്റെ ജീവനും സ്വത്തും സംരക്ഷിക്കേണ്ടവരാണ് അവർ, അവരും അപ്രകാരം ഒരാളെ കണ്ടിട്ടില്ല. ആത്മിയകാവൽക്കാർ, പട്ടണംകാക്കുന്ന യഹോവയില്ലെങ്കിൽ കാവൽക്കാരന്റെ ജാഗ്രത വ്യർത്ഥമാവെന്ന് കാണാതെ ജനത്തെ നാശത്തിലേക്ക്

തള്ളിവിട്ടതിനാൽ യഹോവ അവരെ വേലയിൽ നിന്ന് പുറത്താക്കും എന്ന് മറന്ന് പോയി. (യെഹ:34:10). തുടർന്ന് ഭയമില്ലാതെ അവൾ മുൻപോട്ട് യാത്ര തുടർന്നപ്പോൾ, അവരെ വിട്ട് പോയ പ്പോൾ നഗരത്തിന് പുറത്തുവച്ച് പ്രീയനെകണ്ടു.

പ്രാണപ്രീയനെ അവളെ പ്രസവിച്ചവളുടെ അടുക്കൽ, ആ വീട്ടിലേക്ക് കൊണ്ടുപോയി. ആത്മീയമായി സഭയാം മണവാട്ടിയെ ജനിപ്പിച്ച് പരിരക്ഷിക്കുന്ന പോറ്റമ്മ പരിശുദ്ധാത്മാവാണ് .ദൈവവുമായുള്ള ബന്ധത്തിൽ നമ്മുടെ ഹൃദയം ദൈവത്തിന്റെ മന്ദിരവും, പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമുള്ള ആലയമാകണം.

Read 1 കൊരി:(4:15), ഗലാ :(4:19)

പ്രാണപ്രീയൻ കണ്ടുകഴിഞ്ഞാൽ പിന്നെ പ്രീയ അവന്റെ സ്വന്തമാണ്. ക്രിസ്തുവിന്റെ രണ്ടാം വരവിൽ എങ്ങനെ മണവാട്ടിയായി സഭ ഒരുങ്ങണമെന്ന് എസ്ഥേർ:2 ആസ്പദമാക്കി ചിന്തിയ്ക്കാം.

(1) യോഗ്യരായ യുവതികളെ അഹശ്വരേശ് രാജാവിനു വേണ്ടി കണ്ടെത്തി കൊട്ടാരത്തിലേക്ക് കൊണ്ടുവന്നു. അതുപോലെ സഭയിലെത്തുന്നവർ വിശ്വാസത്തോടെ കടന്നുവരുവാൻ തിരഞ്ഞെടുപ്പ് ലഭിച്ചവരാകണം. കപടഭാവം ഉള്ളവരാകരുത്. (എസ്ഥേ :2: 8a)

(2) തുടർന്ന് കൊട്ടാരത്തിലെത്തിയവർ ഹേഗായി (പ്രരിശുദ്ധാത്മ പ്രതീകം) യുടെ വിചാരണയിലാകുന്നു. സഭ പരിശുദ്ധാന്മാവിന് കീഴ്പ്പെടേണ്ടതാണ്. (2:8b)

(3) രാജാവിന്റെ അടുത്തെത്തുന്നവളെ ഹേഗായിക്ക് ബോധിച്ചാൽ അന്തഃപുരത്തിൽ ഉത്തമമായ സ്ഥലം ലഭിക്കുന്നു.(2:9)

പരിശുദ്ധാത്മ നിയന്ത്രണമുള്ള സഭ ഉത്തമമായ സ്ഥലത്ത് ആരാധിക്കുന്നു.

(4) ശുദ്ധികരണ കാലം(2:12)

a മൂറിന്റെ കാലം (കഷ്ടതയുടെ സമയം)

b സുഗന്ധകാലം ( സൗരഭ്യവാസനയുടെ കാലം)

5 ഹേഗായിക്ക് ഇഷ്ടം തോന്നിയവളെ രാജാവിന് ബോധിച്ചു. മണവാട്ടിയായി തിരഞ്ഞെടുക്കപ്പെട്ടു. ഈ തിരഞ്ഞെടുപ്പ് ലഭിച്ചിട്ടുണ്ടോ?

ലോകം സഭയെ പ്രലോഭിപ്പിക്കുവാൻ വീണ്ടും ഒരുങ്ങുന്നു. ഉത്ത:3:6-10. മൂറും കുന്തിരിക്കവും വിലയുള്ള വസ്തുക്കളാണ്. ഇവ ഒരുക്കിയ രാജാവ് പല്ലക്കിലെത്തും പ്രലോഭനവുമായി. പല്ലക്ക് ചുമ്മിയവർ വാളെടുത്ത യുദ്ധവീരന്മാരാണ്. പല്ലക്കിലിരുക്കുന്ന നേതാവിനെ സംരക്ഷിപ്പാനല്ലേ ഈ ആയുധം? എന്നാൽ നമ്മുടെ നേതാവ് അഥവാ രാജാവ് നമ്മെ വിലയേറിയ സ്വന്തരക്തത്താൽ വീണ്ടെടുത്ത രാജാധിരാജാവും, പ്രവാചകനും, പുരോഹിതനുമാണ്. മൂര്,കുന്തിരിക്കം (പ്രവാചകത്വം, പുരോഹിത്വം) ഈ വിലയേറിയവസ്തുക്കൾ ലാഭേച്ഛയുള്ളവരെ ദൈവം ഏല്പിക്കാറില്ല. കാരണം ഈ മരുഭുയാത്രികർ കച്ചവടമനോഭാവമുള്ളവരാണ്. സഭയാം മണവാട്ടിയെ ഒരുക്കുന്നവർ

സ്വാർത്ഥമോഹികളോ കച്ചവടമനോഭാവം ഉള്ളവരോ ആകരുത്. പ്രതിഫലം ഹേഗായിക്ക് നൽകേണ്ടത് രാജാവാണ്. അദ്ദേഹം രാജാവിന്റെ കാര്യവിചാരകർ മാത്രമാണ്. മണവാട്ടിയാകുവാൻ ഇരുന്നിടത്തുനിന്ന് എഴുന്നേറ്റ് പ്രീയനോടൊപ്പം വസിപ്പാൻ സ്വയം ഒരുങ്ങുക അവനെ കണ്ടെത്തുക. ദൈവം കൃപചെയ്യട്ടെ.


*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg